# കോടതിക്ക് മന്ത്രിയലക്ഷ്യം ആവാമോ?

കെ. രാജേശ്വരി



# കോടതിക്ക് മന്ത്രിയലക്ഷ്യം ആവാമോ?

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.


The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Flower Seller in Montmartre, a painting by Federico Zandomeneghi (1841–1917). The image is taken from Wikimedia Commons and is gratefully acknowledged.


**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കോടതിക്ക് മന്ത്രിയലക്ഷ്യം ആവാമോ?



എ. ടി. മർക്കോസ്

അദ്ദേഹത്തിന്റെ മറുപടി പ്രസംഗം ഹ്രസ്വവും കാര്യമാത്ര പ്രസക്തവുമായിരുന്നു. മുഖംനോക്കാതെ നീതി നടപ്പാക്കും, ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കും എന്നൊന്നും വീരവാദം മുഴക്കിയില്ല. മറിച്ച് സേതു ബന്ധനത്തിൽ അണ്ണാർക്കണ്ണനുണ്ടായിരുന്ന പങ്കേ തനിക്കുണ്ടാക എന്ന വിനയപ്രകടനമാണ് നടത്തിയത്. പതിനൊന്നു ദിവസം പ്രായമുള്ളപ്പോൾ പിതാവ് നഷ്ടപ്പെട്ട തന്നെ കൂലിവേലയെടുത്തു പോറ്റിയ അമ്മയെയും സഹോദരന്മാരെയും അനുസ്മരിച്ചു. ഗുരുക്കന്മാരായ ഡോ. എ. ടി. മർക്കോസ്, ജസ്റ്റിസ് എം. പി. മേനോൻ, എം. എം. അബ്ദുൽഖാദർ, ടി. സി. എൻ. മേനോൻ, വി. എൻ. അച്യുതക്കുറുപ്പ് എന്നിവരെയും പരാമർശിച്ചശേഷം അധഃസ്ഥിതരെ ദേശീയ മുഖ്യധാരയിലെത്തിക്കാൻ അശ്രാന്ത പരിശ്രമം ചെയ്ത മൂന്നനേതാക്കളുടെ—ബി. ആർ. അംബേദ്കർ, മഹാത്മാഗാന്ധി, അയ്യങ്കാളി—സ്മരണക്കുമ്പിൽ ശിരസ്സു നമിച്ചു.




മഹാത്മാഗാന്ധി

കേരള ഹൈക്കോടതിയിൽ ജഡ്ജിയാകുന്ന രണ്ടാമത്തെ പട്ടികജാതിക്കാരനാണ് ജസ്റ്റിസ് കെ. തങ്കപ്പൻ. അക്ഷരാർഥത്തിലെ മണ്ണിന്റെ മകൻ. കുട്ടനാട്ടിലെ നിർധന കർഷകത്തൊഴിലാളി കുടുംബത്തിലാണ് ജനനം. പട്ടിണി കിടന്നും പച്ചവെള്ളം കുടിച്ചും പഠിച്ചു. ചങ്ങനാശ്ശേരി എൻ. എസ്സ്. എസ്സ്. കോളജിൽനിന്ന ബി. എ.-യും എറണാകുളം ലോ കോളജിൽനിന്ന് എൽ. എൽ. ബി.-യും പാസായി. മുൻകാല സോഷ്യലിസ്റ്റ് നേതാവ് എം. പി. മേനോന്റെ ജൂനിയറായി 1973-ൽ പ്രാക്ടീസ് തുടങ്ങി. 1976–96 കാലഘട്ടത്തിൽ ഹൈക്കോടതിയിൽ ഗവൺമെന്റ് പ്ലീഡറായി പ്രവർത്തിച്ചു.




ബി. ആർ. അംബേദ്കർ

1997 നവംബറിൽ ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ ഗുജറാത്തിലേക്ക സ്ഥലം മാറിപ്പോയ ശേഷമാണ് പട്ടിക ജാതിക്കാരനായ മറ്റൊരാൾക്കുവേണ്ടി അന്വേഷണം തുടങ്ങിയത്. (ഒരു സമയത്ത് പട്ടികജാതിക്കാരായ രണ്ടു ന്യായാധിപരോ? ഒരിക്കലും പാടില്ല. നായന്മാരാണെങ്കിൽ ഒമ്പതോ പത്തോ ആവരെയാകാം.) വഴിക്കുവഴിയെ നാലു ചീഫ് ജസ്റ്റിസുമാർ—ഓംപ്രകാശ്, എ. വി. സാവന്ത്, കെ. കെ. ഉഷ, ബി. എൻ. ശ്രീകൃഷ്ണ—കെ. തങ്കപ്പന്റെ പേരു ശിപാർശ ചെയ്തു. ആദ്യത്തെ മൂന്നുതവണയും കപ്പിനും ചുണ്ടിനുമിടക്ക് തട്ടിപ്പോയി. വല്ലാത്തൊരു കാലമായിരുന്നു അത്. പട്ടികജാതി-പട്ടിക വർഗങ്ങളെപ്പോലുള്ള ദുർബലവിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം നൽകാത്തതും പ്രാതിനിധ്യം തന്നെ നൽകാത്തതും നീതീകരിക്കാനാവില്ല എന്ന രാഷ്ട്രപതി പരിഭവിക്കയും സുപ്രീംകോടതിയിലേക്കും ഹൈക്കോടതിയിലേക്കുമുള്ള എല്ലാ നിയമനങ്ങളിലും കഴിവുമാത്രം അർഹതയുടെ അളവുകോലായി പരിഗണിച്ചാൽ മതിയെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ശഠിക്കയും ചെയ്യുകാലം. വർഷങ്ങൾ നീണ്ട കാത്തിരിപ്പിനൊടുവിൽ 2002 ജനവരി നാലിനാണ് ജസ്റ്റിസ് തങ്കപ്പന്റെ സത്യപ്രതിജ്ഞ.




കെ. കെ. ഉഷ

കൊടിവെച്ച കാറിൽ പൊടിപറപ്പിച്ചു പോകുമ്പോഴും ജസ്റ്റിസ് തങ്കപ്പൻ ദുരിതപൂർണമായ തന്റെ ഇന്നലകളെ വിസ്മരിച്ചില്ല എന്നുവേണം കരുതാൻ. അതുകൊണ്ടാണല്ലോ എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ ദുരവസ്ഥ പത്രത്തിൽ വായിച്ചപ്പോൾ ഗോതമ്പുദോശയും കപ്പപ്പുഴുക്കും തിന്ന് ചങ്ങനാശ്ശേരി കോളജ് ഹോസ്റ്റലിൽ കഴിഞ്ഞ നല്ലകാലം ഓർമ വന്നത്. ജൂൺ ആറാം തിയതി വെള്ളിയാഴ്ച രാവിലെ ഹോസ്റ്റലിലെത്തി ജഡ്ജി അന്തേവാസികളനുഭവിക്കുന്ന സുഖസൗകര്യങ്ങൾ കണ്ടു മനസ്സിലാക്കി. അരിയും പലവ്യഞ്ജനവും വാങ്ങാൻ രണ്ടായിരം രൂപ കുട്ടികളെ ഏൽപിച്ചു. (മൂന്നാം പാഠപുസ്തകത്തിലെ ഖലീഫാ ഉമറിന്റെ കഥ ഓർമിക്കുന്നുവോ?) കോടതിയിലെത്തിയ ഉടൻ ഒരു പരാതി തയാറാക്കി ചീഫ് ജസ്റ്റിസിന സമർപ്പിക്കുകയും ചെയ്തു.



കെ. ജി. ബാലകൃഷ്ണൻ


രാജവാഴ്ചക്കാലം മുതൽ നിലവിലുള്ളതാണ് എറണാകുളത്ത് പട്ടിക ജാതി വിദ്യാർഥികൾക്ക് പ്രത്യേക ഹോസ്റ്റൽ. പി. കെ. ചാത്തൻമാസ്റ്റർ മുതലായ മുൻതലമുറയിലെ ദലിത് നേതാക്കൾ മിക്കവരും ഇവിടെ അന്തേവാസികളായിരുന്നവരാണ്. ജനായത്ത ഭരണം വന്നപ്പോൾ ഹോസ്റ്റലിന്റെ നടത്തിപ്പ് പട്ടികജാതിക്ഷേമ വകുപ്പ് ഏറ്റെടുത്തു. വിദ്യാർഥികളുടെ സുഖ സൗകര്യങ്ങൾ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചു എന്നു പറയേണ്ടതില്ലല്ലോ? നാലുമാസത്തോളമായി നയാപൈസ പോലും സർക്കാർ പാസാക്കി കൊടുത്തിട്ടില്ല. കടിശ്ശിക വർധിക്കുകയാൽ അരിയും പലചരക്കു സാധനങ്ങളും നൽകാൻ സഹകരണ ഡിപ്പാർട്ട്മെന്റ് സ്റ്റോർ വിസമ്മതിക്കുന്നു. കുട്ടികൾക്കു ഭക്ഷണമില്ല. ചികിൽസാ സൗകര്യവുമില്ല. ഈയിടെയാണ് എലിപ്പനി ബാധിച്ച് ഒരു അന്തേവാസി മരിച്ചത്.




പി. കെ. ചാത്തൻമാസ്റ്റർ

ജസ്റ്റിസ് തങ്കപ്പന്റെ പരാതി. ചീഫ് ജസ്റ്റിസ് റിട്ട് ഹർജിയായി പരിഗണിക്കും. പട്ടികജാതി ക്ഷേമവകുപ്പ് സെക്രട്ടറിക്കും ഡയറക്ടർക്കും നോട്ടീസയക്കും എന്ന പ്രത്യാശിക്കുക. എന്നിട്ടോ? എതിർകക്ഷികൾ സർക്കാർ അഭിഭാഷകൻ മുഖേന ഹാജരാകും. സത്യവാങ്മൂലം സമർപ്പിക്കാൻ ആറോ ഏഴോ അവധി ചോദിക്കും. അവസാനം പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ഭൂലോക വൈകുണ്ഠമാണെന്നും അവിടത്തെ അന്തേവാസികൾക്ക് പരമാനന്ദ സുഖമാണെന്നും നാളിതുവരെ യാതൊരു പരാതിയും കിട്ടിയിട്ടില്ലെന്നും കാണിച്ച് ഡെപ്യൂട്ടി ഡയറക്ടറോ അണ്ടർ സെക്രട്ടറിയോ സത്യവാങ്മൂലം നൽകും. സർക്കാർ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലമാണ് ബില്ല് പാസാകാത്തതെന്നും സർക്കാറിന്റെ ഭാഗത്തുനിന്ന് മനഃപൂർവമായ വീഴ്ചയോ ഉപേക്ഷയോ ഉണ്ടായിട്ടില്ലെന്നും (ഉപേക്ഷയുമുണ്ടായിരുന്നെങ്കിൽ ജഡ്ജിമാർക്ക് മിത്സുബിഷി ലാൻസർ വാങ്ങിത്തരുമായിരുന്നോ എന്ന വ്യംഗം) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറക്ക് അന്തേവാസികൾക്ക് അരിയും പലവ്യഞ്ജനങ്ങളും വാങ്ങിക്കൊടുക്കാൻ സന്തോഷമേയുള്ളൂ എന്നും എലിശല്യവും അതുവഴി എലിപ്പനിയും തടയാൻ സ്കോട്ട്ലാന്റ് യാർഡിൽ പരിശീലനം നേടിയ കരിമ്പൂച്ചകളെ നിയോഗിക്കുന്ന കാര്യം സർക്കാറിന്റെ സജീവപരിഗണനയിലുണ്ടെന്നും അതിലേക്ക് ആഭ്യന്തര-മൃഗ സംരക്ഷണ വകുപ്പകളുടെ സഹായം തേടിയിട്ടുണ്ടെന്നും ധന-നിയമവകുപ്പുകൾക്കും ആക്ഷേപമില്ലെങ്കിൽ പദ്ധതി എത്രയുംവേഗം നടപ്പാക്കാവുന്നതേയുള്ളൂ എന്നും സത്യവാങ്മൂലത്തിൽ ബോധിപ്പിക്കും. സർക്കാറിന്റെ ഉറപ്പുകൾ സ്വീകരിച്ച് കേസ് അവസാനിപ്പിക്കുകയും ചെയ്യും.

ഹോസ്റ്റലിലെ സാഹചര്യം നിർഭാഗ്യകരമായിപ്പോയി എന്ന് ബഹു. മന്ത്രി കുട്ടപ്പനും അഭിപ്രായപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരാരും ഇതേക്കുറിച്ച് തന്നെ ബോധവത്കരിച്ചില്ലെന്നും മന്ത്രി പരാതിപ്പെട്ടു. മുത്തങ്ങയിലെ ആദിവാസികൾക്കെന്ന പോലെ പോസ്റ്റ്മെട്രിക് ഹോസ്റ്റലിലെ അന്തേവാസികൾക്കും മന്ത്രി സെൽഫോൺ വാങ്ങിക്കൊടുത്താൽ സൗകര്യമായിരിക്കും. ഭക്ഷണ സാധനങ്ങൾ തീരുന്ന മുറക്ക് കുട്ടപ്പൻ തിരുമനസിനോട് നേരിട്ട് ഉണർത്തിക്കാം. ഗൗരിയമ്മ വേണമെങ്കിൽ ചീരവിത്തും എത്തിച്ചു കൊടുക്കും. കാടുകയറി എലിയും പാമ്പും പെരുകിയ ഹോസ്റ്റൽ വളപ്പിൽ കിടാത്തന്മാർ ചീരകൃഷി ചെയ്യട്ടെ.



ഗൗരിയമ്മ



കുട്ടപ്പൻ

ഹൈക്കോടതി ജഡ്ജി ഹോസ്റ്റലിൽ പോയി ഷൈൻ ചെയ്തത് മന്ത്രി പുംഗവന് രസിച്ചിട്ടില്ല. "ഹോസ്റ്റലിൽ പ്രശ്നങ്ങളുണ്ടെന്ന സമ്മതിക്കുമ്പോൾതന്നെ ചില കാര്യങ്ങൾ അവിടെ വെച്ചുതന്നെ തീർക്കാവുന്നതായിരുന്നു. പ്രശ്നങ്ങൾ നടക്കുമ്പോൾ ഹോസ്റ്റലിൽ രണ്ടരച്ചാക്ക് അരിയുണ്ടായിരുന്നു. പക്ഷേ, ഫണ്ടു ലഭിക്കാത്തതിനാൽ മൽസ്യ-മാംസങ്ങളും മറ്റും വാങ്ങിയിട്ടില്ലായിരുന്നു..." എന്നാണ് കുട്ടപ്പൻ മലയാള മനോരമയോടു പറഞ്ഞത്. ദലിതരുടെ അഹങ്കാരം നോക്കണേ! ഒരു നേരം മൽസ്യ-മാംസാഹരം മുടങ്ങിയപ്പോഴേക്കും പത്രവാർത്തയായി. ജഡ്ജിയുടെ സന്ദർശനമായി റിട്ട് ഹർജിയുമായി. പത്തും എം. എൽ. എ.-യെ കൈകാര്യം ചെയ്ത രീതിയിൽവേണം ഇവരൊയൊക്കെ മര്യാദ പഠിപ്പിക്കാൻ. വർഷകാല സമ്മേളനത്തിനിടക്ക് നിയമസഭക്കകത്തുവെച്ച് ന്യായാധിപനെപ്പറ്റി പുളിച്ച നാലു വർത്തമാനം പറയുകയുമാകാം.

ഇനി ബഹു: ജസ്റ്റിസ് തങ്കപ്പനോട് ഒരു വാക്ക്. ക്ലാസ്ഫോർ ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണം പാലിക്കുന്നില്ല എന്ന പരാതിക്ക് ഹൈക്കോടതിയോളം തന്നെ പഴക്കമുണ്ട്. ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണന്റെ പ്രതാപകാലത്തുപോലും പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താൻ കഴിഞ്ഞിരുന്നില്ല. ഈ പ്രശ്നമുന്നയിച്ച് കെ. വി. കുമാരൻ കോടതിനടയിൽ സത്യഗ്രഹസമരം നടത്തിയതുമാണ്. ശിപായിമാരുടെ കണക്ക പരിശോധിച്ചാൽ പട്ടികജാതിക്കാർ മിക്കവാറും പൂജ്യത്തോടടുത്ത ഒരു ശതമാനമാകാണ് സാധ്യത. ഹൈക്കോടതിയിലെ നിയമനങ്ങളിൽ പട്ടികജാതി/വർഗ സംവരണം പാലിക്കണമെന്ന കാണിച്ച് ചീഫ് ജസ്റ്റിസിന് പരാതി നൽകാൻ, സേതുബന്ധനത്തിൽ അണ്ണാറക്കണ്ണന്റെ ഭാഗമെങ്കിലും നിറവേറ്റാൻ തയാറാകുമോ ജസ്റ്റിസ് തങ്കപ്പൻ? □

# അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>